"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി -മലപ്പുറം ജില്ല- എച്ച് .ഐ .വി ബാധിതരായ അപേക്ഷകർക്ക് ഓരോ ആറു മാസം കൂടുമ്പോഴും നൽകി വരുന്ന ധനസഹായം വിതരണം ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ ഡി .ആർ എഫ് -ബി വകുപ്പ്

സ.ഉ.(സാധാ) നം.4359/2022/RD തീയതി,തിരുവനന്തപുരം, 28-10-2022

---

പരാമർശം:- 1. സ .ഉ .(സാധാ ) നം.3543/2021-R.D തീയതി 20/10/2021.

2. മലപ്പുറം ജില്ലാ കളക്ടറുടെ 15/10/2022ലെ DCMPM/7030-G3 നമ്പർ കത്ത്.

**ഉത്തരവ്**

എച്ച് .ഐ .വി ബാധിതരായ അപേക്ഷകർക്ക് ഓരോ ആറു മാസം കൂടുമ്പോഴും നൽകി വരുന്ന ധനസഹായം കളക്ടേറ്റിൽ അപേക്ഷ നേരിട്ട് സ്വീകരിച്ച് ഡി നമ്പർ രജിസ്റ്റർ ചെയ്ത് DBT സംവിധാനം മുഖേന അനുവദിക്കുവാൻ പരാമർശം (1) പ്രകാരം ഉത്തരവായിട്ടുള്ളതാണ് . ടി ഉത്തരവ് പ്രകാരം പ്രസ്തുത തുക നൽകുന്നതിനുള്ള പൂർണ്ണ അധികാരം ജില്ലാ കളക്ടറിൽ നിക്ഷിപ്തവുമാണ്. മലപ്പുറം ജില്ലാ കളക്ടറേറ്റിൽ ലഭ്യമായ 194 മാനുവൽ അപേക്ഷകൾക്ക് ധനസഹായം അനുവദിക്കുന്നതിലേക്കായി 194*6000 = 11,64,000/-(പതിനൊന്നു ലക്ഷത്തി അറുപത്തി നാലായിരം )രൂപ ജില്ലാ കളക്ടറുടെ സ്പെഷ്യൽ ടി .എസ്.ബി അക്കൗണ്ടിലേക്ക് അനുവദിച്ച് നൽകണമെന്ന് ജില്ലാ കളക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട് .

2. സർക്കാർ മേൽ വിഷയം പരിശോധിച്ചു. പരാമർശം (1) പ്രകാരം 6000 രൂപ 6 മാസത്തിലൊരിക്കൽ DBT മുഖേന നൽകുന്നതിന്, മലപ്പുറം ജില്ലാ കളക്ടറേറ്റിൽ ലഭ്യമായ 194 മാനുവൽ അപേക്ഷകൾക്ക് ധനസഹായം അനുവദിക്കുന്നതിലേക്കായി **11,64,000/-(പതിനൊന്നു ലക്ഷത്തി അറുപത്തി നാലായിരം )രൂപ മാത്രം** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ജില്ലാ കളക്ടറുടെ സ്പെഷ്യൽ ടി .എസ്.ബി അക്കൗണ്ടിലേക്ക് അനുവദിച്ച് കൊണ്ട് ഉത്തരവാകുന്നു .

3. വിതരണത്തിനാവശ്യമായി വരുന്ന **11,64,000/-(പതിനൊന്നു ലക്ഷത്തി അറുപത്തി നാലായിരം )രൂപ മാത്രം** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P 80 അക്കൗണ്ടിൽ നിന്നും മലപ്പുറം ജില്ലാ കളക്ടറുടെ സ്പെഷ്യൽ ടി .എസ്.ബി അക്കൗണ്ടിലേക്ക് അനുവദിക്കേണ്ടതും , ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, സ്വീകരിച്ച നടപടി സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനിറാണി കെ
ഡെപ്യൂട്ടിസെക്രട്ടറി

കമ്മീഷണർ ലാൻഡ് റവന്യൂ
ജില്ലാ കളക്ടർ മലപ്പുറം
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

സ.ഉ.(സാധാ) നം.4359/2022/RD

ധനകാര്യ (ഫണ്ട്സ്) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ ) വകുപ്പ്
റവന്യൂ (ഡി.ആർ എഫ് എ & സി )വകുപ്പുകൾ

<u>പകർപ്പ്</u>

ബഹു .മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി എ
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ